# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് – വികേന്ദ്രീകൃതാസൂത്രണം – പതിനൊന്നാം പഞ്ചവത്സരപദ്ധതി – തദ്ദേശഭരണ സ്ഥാപനങ്ങളിലെ കോഓർഡിനേറ്റർമാരുടെ നിയമനകാലാവധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

ജി.ഒ (എം.എസ്) നമ്പർ.90/2008/തസ്വഭവ തിരുവനന്തപുരം, തീയതി : 24.03.2008

പരാമർശം : 1. 14.05.2007–ലെ ജി.ഒ.(എം.എസ്) 128/2007/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. 06.03.2008–ലെ ജി.ഒ.(എം.എസ്) 65/2008/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.

## ഉത്തരവ്

തദ്ദേശഭരണസ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സരപദ്ധതി തയ്യാറാക്കുന്നതിന് പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയിൽ ജില്ല, ബ്ലോക്ക്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി തലങ്ങളിൽ കോ–ഓർഡിനേറ്റർമാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥ പ്രകാരം 31.03.2008 വരെയുള്ള കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശഭരണസ്ഥാപനങ്ങൾ വിവിധ വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും സേവനം വിട്ടുകിട്ടാൻ സാധ്യതയുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി നിർദ്ദേശിക്കുന്ന പാനലിൽ നിന്ന് കോ–ഓർഡിനേറ്റർമാരുടെ നിയമനം നടത്തുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറികൂടിയായ ജില്ലാ കളക്ടർമാരെയാണ്.

2. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പതിനൊന്നാം പഞ്ചവത്സരപദ്ധതി (2007–12) അന്തിമമാക്കുന്നതിനും രണ്ടാം വാർഷിക പദ്ധതി (2008–09) തയ്യാറാക്കുന്നതിനും വേണ്ടിയുള്ള നിർദ്ദേശങ്ങൾ പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് മുഖേന പുറപ്പെടുവിച്ചിട്ടുണ്ട്. അതുപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങളിലെ ആസൂത്രണ പ്രവർത്തനങ്ങൾ ചിട്ടയായി സംഘടിപ്പിക്കുന്നതിനും പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കുന്നതിനും കോ–ഓർഡിനേറ്റർമാരുടെ സേവനം ഒരു വർഷത്തേയ്ക്ക് കൂടി ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. അതിനാൽ ജില്ല, ബ്ലോക്ക്, മുനിസിപ്പൽ, കോർപ്പറേഷൻ തലങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള കോ–ഓർഡിനേറ്റർമാരുടെ നിയമനകാലാവധി 2008 ഏപ്രിൽ 1 മുതൽ 2009 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് ഈ രീതിയിൽ ഭേദഗതി ചെയ്യുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എസ്.എം.വിജയാനന്ദ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൻമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാആസൂത്രണസമിതി ചെയർപേഴ്സൻമാർക്കും
6. എല്ലാ ജില്ലാ കളക്ടർമാർക്കും (ജില്ലാ ആസൂത്രണസമിതി മെമ്പർ സെക്രട്ടറിമാർക്കും)
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. പഞ്ചായത്ത് ഡയറക്ടർ
9. ഗ്രാമവികസന കമ്മീഷണർ
10. നഗരകാര്യ ഡയറക്ടർ
11. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
12. എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
13. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
14. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
15. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ (ജനറൽ) മാർക്കും
16. നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്ക്
17. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
18. സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് ഓഫീസർ
19. ജനറൽ സെക്രട്ടറി, കേരളഗ്രാമപഞ്ചായത്ത് അസോസിയേഷൻ
20. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
21. സെക്രട്ടറി, മുനിസിപ്പൽ ചെയർമാൻമാരുടെ ചേംമ്പർ
22. സെക്രട്ടറി ജില്ലാപഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംമ്പർ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
24. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

പകർപ്പ് :

1. തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്
3. തദ്ദേശസ്വയംഭരണ ഡി.ബി/ഡി.സി/ഡി.ഡി/എഫ്.എം.സെക്ഷനുകൾക്ക്
4. ഓഫീസ് കോപ്പി/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**